Reg. No. : ....................................

Name : ..........................................

**FY-48**

**FIRST YEAR HIGHER SECONDARY EXAMINATION, JUNE 2022**

Part – III

**BUSINESS STUDIES**

Maximum : 80 Scores

Time : 2½ Hours

Cool-off time : 15 Minutes

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.
- Give equations wherever necessary.
- Electronic devices except non-programmable calculators are not allowed in the Examination Hall.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.
- ആവശ്യമുള്ള സ്ഥലത്ത് സമവാക്യങ്ങൾ കൊടുക്കണം.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

**1 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം.** **(8 × 1 = 8)**

1. വാണിജ്യത്തിൽ ഉൾപ്പെടുന്ന രണ്ട് പ്രവർത്തനങ്ങളാണ് കച്ചവടവും ______ ഉം

   (a) വ്യവസായം (b) വ്യാപാര അനുബന്ധ പ്രവർത്തനങ്ങൾ

   (c) ബിസിനസ് (d) പുറം ജോലികരാർ

2. മൂലധനം കൊണ്ടുവരാതെ ഒരു പങ്കാളിത്ത സ്ഥാപനത്തിന് തന്റെ പേരുംപ്രശസ്തിയും ഉപയോഗിക്കുവാൻ അനുവദിക്കുന്ന പങ്കാളിയാണ്.

   (a) സജീവപങ്കാളി (b) സുഷുപ്ത പങ്കാളി

   (c) നാമമാത്ര പങ്കാളി (d) രഹസ്യപങ്കാളി

3. വേറിട്ട് നിൽക്കുന്നത് കണ്ടെത്തുക.

   (a) എഫ് സി ഐ (b) ആർ ബി ഐ

   (c) ഇൻഡ്യൻ റെയിൽവേ (d) ഓ എൻ ജി സി

4. ഇറക്കുമതി ചെയ്ത സാധനങ്ങൾ കസ്റ്റംസ് തീരുവയും മറ്റു നികുതികളും അടയ്ക്കുന്നതിന് മുമ്പ് സ്വീകരിക്കുവാൻ അനുവാദമുള്ള സർക്കാർ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സംഭരണശാലകളാണ് ______

   (a) ബോണ്ടഡ് സംഭരണ ശാലകൾ (b) സ്വകാര്യ സംഭരണ ശാലകൾ

   (c) സർക്കാർ സംഭരണ ശാലകൾ (d) പൊതു സംഭരണ ശാലകൾ

5. വാഹനങ്ങൾ പുറം തള്ളുന്ന കാർബൺ മോണോക്സൈഡിന്റെ സാന്നിധ്യം ______ മലിനീകരണത്തിന് കാരണമാകുന്നു.

   (a) ജലം (b) മണ്ണ്

   (c) ശബ്ദം (d) വായു

6. കമ്പനി രജിസ്റ്റർ ചെയ്ത് കിട്ടുന്നതിനായി കമ്പനി രജിസ്ട്രാർക്ക് മുമ്പാകെ സമർപ്പിക്കേണ്ട ഏതെങ്കിലും രണ്ട് പ്രമാണങ്ങളുടെ പേര് എഴുതുക.

7. 90 മുതൽ 364 ദിവസം വരെയുള്ള കാലയളവിലേക്ക് ആവശ്യമായ ഹ്രസ്വകാലധനം ആർജ്ജിക്കുന്നതിനുവേണ്ടി ബിസിനസ് പുറത്തിറക്കുന്ന ഈടില്ലാത്ത വാഗ്ദത്ത പത്രങ്ങളാണ്.

(a) സാധാരണ ഓഹരികൾ (b) വ്യാപാര കടം

(c) കടപ്പത്രങ്ങൾ (d) വാണിജ്യ പത്രങ്ങൾ

8. പൂർണ്ണ രൂപം എഴുതുക NABARD.

9. സ്വയം സേവന മാതൃകയിലാണ് ഈ ചില്ലറ വ്യാപാര സ്ഥാപനം പ്രവർത്തിക്കുന്നത്. ഇവിടെ പരാമർശിച്ച ചില്ലറ വ്യാപാരസ്ഥാപനം ഏതാണ്?

10. കപ്പൽ കമ്പനി സാധനങ്ങൾ നിശ്ചിത തുറമുഖത്ത് എത്തിക്കുന്നതിനുവേണ്ടി സ്വീകരിച്ചു എന്ന് തെളിയിക്കുന്ന രേഖ ഏതാണ്.

**11 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.** **$(4 \times 2 = 8)$**

11. ബിസിനസിന്റെ ഏതെങ്കിലും നാല് ബഹുമുഖ ലക്ഷ്യങ്ങൾ എഴുതുക.

12. സംയുക്ത സംരഭങ്ങൾ എന്നാൽ എന്താണ് ?

13. ബിസിനസ് സേവനങ്ങളുടെ ഏതെങ്കിലും നാല് അടിസ്ഥാന സ്വഭാവങ്ങൾ എഴുതുക.

14. ഓൺ ലൈനായി സാധനങ്ങൾ വാങ്ങുമ്പോൾ പണം നൽകുന്നതിനുള്ള മാർഗങ്ങളിൽ ഏതെങ്കിലും നാലെണ്ണം എഴുതുക.

15. പ്രൊമോട്ടർ നിർവ്വഹിക്കുന്ന ഏതെങ്കിലും രണ്ട് ധർമ്മങ്ങൾ വിവരിക്കുക.

16. ഹ്രസ്വകാല ധന ഉറവിട മാർഗമെന്ന നിലയിൽ വ്യാപാര കടത്തെ കുറിച്ച് ചുരുക്കി വിശദീകരിക്കുക.

17. സഞ്ചാര പ്രകൃതരായ ചില്ലറ വ്യാപാരികളുടെ ഏതെങ്കിലും തരങ്ങളുടെ പേരെഴുതുക.

**18 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.**
**(4 × 3 = 12)**

18. സർക്കാർ കമ്പനികൾ എന്നാൽ എന്താണ് ? അവയുടെ ഏതെങ്കിലും രണ്ട് നേട്ടങ്ങൾ എഴുതുക.

19. താഴെ പറയുന്ന തൽപ്പരകക്ഷികളോടുള്ള ബിസിനസിന്റെ സാമൂഹിക ഉത്തരവാദിത്വങ്ങൾ വിവരിക്കുക.
    (a) ഉപഭോക്താക്കൾ
    (b) തൊഴിലാളികൾ
    (c) ഓഹരി ഉടമകൾ

20. ചാട്ടകരാർ പ്രധാനപ്പെട്ട ധനസമാഹരണ ഉറവിടമാണെങ്കിലും അതിന് ചില ദോഷങ്ങൾ ഉണ്ട്. അത്തരം മൂന്ന് ദോഷങ്ങൾ എഴുതുക.

21. ബാറ്റ ഷൂസ്റ്റോർ ഈ തരം സ്ഥിരം സ്ഥാപനമുള്ള വൻകിട ചില്ലറ വ്യാപാരികൾക്ക് ഉദാഹരണമാണ്. ഇവിടെ പരാമർശിച്ച വൻകിട ചില്ലറ വ്യാപാര സ്ഥാപനം കണ്ടെത്തി വിശദീകരിക്കുക.

22. പ്രധാനപ്പെട്ട വിദേശ വ്യാപാര പ്രോൽസാഹന നടപടികൾ ഏതെങ്കിലും മൂന്നെണ്ണം ഹ്രസ്വമായി വിവരിക്കുക.

23. ഡിപ്പാർട്ട്മെന്റൽ സ്റ്റോറുകളുടെ മൂന്ന് ഗുണങ്ങൾ എഴുതുക.

**24 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.**
**(4 × 4 = 16)**

24. ബിസിനസ് നഷ്ടസാധ്യതകളുടെ സ്വഭാവം ചുരുക്കി വിവരിക്കുക.

25. ഏകാംഗ വ്യാപാരത്തിന്റെ ഏതെങ്കിലും നാല് ഗുണങ്ങൾ എഴുതുക.

26. വിവിധ തരം ബാങ്കുകളെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

27. ചേരുംപടി ചേർക്കുക :

| | A | | B |
|---|---|---|---|
| (a) | മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ | – | ഒരു കമ്പനി അതിന്റെ ഓഹരികളും കടപത്രങ്ങളും വാങ്ങുവാൻ പൊതു ജനങ്ങളെ ക്ഷണിക്കുന്ന പ്രമാണം. |
| (b) | ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ | – | കമ്പനിയുടെ ജനന സർട്ടിഫിക്കേറ്റ് |
| (c) | പ്രോസ്പെക്ടസ് | – | കമ്പനിയുടെ ലക്ഷ്യങ്ങൾ നിർവചിക്കുന്നു. |
| (d) | സർട്ടിഫിക്കേറ്റ് ഓഫ് ഇൻകോർപ്പറേഷൻ | – | കമ്പനിയുടെ ആഭ്യന്തര മാനേജ്മെന്റിനുള്ള നിയമങ്ങൾ |

28. കടപത്രങ്ങളുടെ രണ്ട് ഗുണങ്ങളും രണ്ട് ദോഷങ്ങളും എഴുതുക.

29. ആഭ്യന്തരം ബിസിനസും അന്തർദേശീയ ബിസിനസും തമ്മിലുള്ള നാല് വ്യത്യാസങ്ങൾ എഴുതുക.

**30 മുതൽ 35 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(4 × 5 = 20)**

30. പ്രവർത്തന സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ വ്യത്യസ്ത തരമുണ്ട്. ഏതെങ്കിലും അഞ്ച് തരം സഹകരണ സംഘങ്ങളെ കുറിച്ച് ഹ്രസ്വമായി വിശദീകരിക്കുക.

31. ആഗോള സംരംഭങ്ങളുടെ പ്രത്യേകതകൾ വിവരിക്കുക.

32. പരമ്പരാഗത ബിസിനസും ഇ-ബിസിനസും തമ്മിലുള്ള ഏതെങ്കിലും അഞ്ച് വ്യത്യാസങ്ങൾ എഴുതുക.

33. ബിസിനസിന്റെ ധാർമ്മികതയുടെ വിവിധ അടിസ്ഥാന ഘടകങ്ങൾ വിവരിക്കുക.

34. ഒരു കമ്പനിയുടെ മെമ്മാറാണ്ടം ഓഫ് അസോസിയേഷൻ വിവിധ വകുപ്പുകളായാണ് തയ്യാറാക്കുന്നത്. അവ ഏതെന്ന് വിശദീകരിക്കുക.

35. ഇന്ത്യയിലെ ചെറുകിട സംരംഭങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ ഏതൊക്കെയാണ്?

**36 മുതൽ 38 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

6. ചാർട്ട് തയ്യാറാക്കി വിവിധ തരം വ്യവസായങ്ങളെ വിശദീകരിക്കുക.

7. ജോയിന്റ് സ്റ്റോക്ക് കമ്പനിയുടെ സവിശേഷതകൾ വിവരിക്കുക.

8. ഇൻഷുറൻസിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഏതെങ്കിലും നാലെണ്ണം അനുയോജ്യമായ ഉദാഹരണ സഹിതം വിശദമാക്കുക.